

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH



Vol. 1-Issue : 24 THE ONLINE OFFICIAL NEWS BULLETIN 2018 June

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪2 10	♪6 11	♪2 12	♪6 13	♪2 14	♪6 15	♪2 16
3rd Sunday after Pentecost	Comme. of St. Bartholomew the Apostle 129th Memorial of Shemavon Mar Athanasius (Kottayam Puthen Pally) 91st Memorial of Geecarghese Mar Severios Metropolitan (Kottayam Valiyapalli)				First church built in the name of Virgin Mary	Apostles' Fast begins

LECTIONARY

Eve : Mark 6:4-13 Mon : Luke 9:1-11 HQ : John 6:35-46	Genesis 42:18-25 Judges 1:8-11 Jeremiah 2:35-3:5	Acts 13:26-29 Galatians 6:10-16	JUNE 10

പരിശുദ്ധ കാതോലിക്കബാവ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു.



പരുമല: നവീകരിച്ച എം.ഒ.സി. പുസ്തക വിൽപനശാലയുടെ പ്രവർത്തനോദ്ഘാടനം പരുമല സെമിനാരിയിൽ പരിശുദ്ധ കാതോലിക്കബാവ നിർവഹിച്ചു. എം.ഒ.സി. പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, സഭാ അസ്സോസ്സിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, എം.ഒ.സി. സെക്രട്ടറി ഫാ. ജോസഫ് പാമ്പാടിക്കണ്ടത്തിൽ എന്നിവർ സംബന്ധിച്ചു.

ജീവകാരുണ്യ സായാഹ്നം

എറണാകുളം: "മലങ്കര ഓർത്തഡോക്സ്" സുറിയാനി സഭയുടെ യുവജനപ്രസ്ഥാനത്തിന്റെ കുന്നംകുളം - തൃശൂർ-കൊച്ചി ഭദ്രാസനങ്ങൾ ഉൾപ്പെടുന്ന സെൻട്രൽ റീജിയണൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 2018 ജൂൺ 16 ശനിയാഴ്ച വൈകീട്ട് 4മണിക്ക് എറണാകുളം അയ്യപ്പൻകാവ് ഡോ. ഒ.കെ. മാധവിയമ്മ റോഡിൽ കുന്നംകുളം ചാരിറ്റബിൾ സൊസൈറ്റി ഓഡിറ്റോറിയത്തിൽവെച്ച് പഠനോപകരണങ്ങൾ അടങ്ങിയ സൗജന്യ സ്കൂൾ ബാഗ് വിതരണവും സൗജന്യ യൂണിഫോം ധനസഹായ വിതരണവും ജനറൽ ആശുപത്രിയിലെ ക്യാൻസർ കെയർ പദ്ധതിയിലേക്കുള്ള ധനസഹായ വിതരണവും നടത്തപ്പെടുന്നു.

പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ഫിലിപ്പ് തരകൻ അദ്ധ്യക്ഷത വഹിക്കുന്ന പ്രസ്തുത പരിപാടിയുടെ ഉദ്ഘാടന കർമ്മം മലങ്കര സഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമേനി നിർവ്വഹിക്കുന്നതാണ്.

ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. യൂഹാനോൻ മാർ മിലിത്തിയോസ്, ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്,

കൊച്ചിൻ കോർപ്പറേഷൻ മേയർ ശ്രീമതി സൗമിനി ജെയിൻ, ജി.സി.ഡി.എ. ചെയർമാൻ ശ്രീ സി.എൻ. മോഹനൻ, ഡിവിഷൻ കൗൺസിലർ ശ്രീ. ദീപക് ജോയ്, പ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, പ്രസ്ഥാനം കേന്ദ്ര ട്രഷറർ ജോജി പി. തോമസ് കൊച്ചി ഭദ്രാസന പരിധിയിലുള്ള സഭ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ ഫാ. ഒ.ജെ. ജേക്കബ്, ഫാ. ജോസഫ് കാരക്കാട്ട്, അലക്സാണ്ടർ കെ. ജോൺ, എം.പി. ജോൺ (സണ്ണി), ഷാജൻ തോപ്പിൽ, അഡ്വ. ജോൺസൺ കുരിയൻ, സി.കെ. സണ്ണി, റോണി വർഗ്ഗീസ്, അഡ്വ. റോഷൻ ഡി. അലക്സാണ്ടർ, എന്നിവർ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതാണ്.

കുന്നംകുളം, തൃശൂർ, കൊച്ചി ഭദ്രാസനങ്ങളുടെ യുവജനപ്രസ്ഥാനത്തിന്റെ ഭദ്രാസന വൈസ് പ്രസിഡന്റുമാരായ ഫാ. റിനു വർഗ്ഗീസ്, ഫാ. ഡേവിഡ് തങ്കച്ചൻ, കേന്ദ്ര റീജിയണൽ സെക്രട്ടറിമാരായ മത്തായി റ്റി. വർഗ്ഗീസ്, സൊഹൈൽ വി. സൈമൺ, കേന്ദ്ര സെക്രട്ടറി ഷിജോ കെ. മാത്യു എന്നിവരും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നു.

H.G.Dr.Geevarghese Mar Yulios
Media Department
President-MOSC

ഓർമ്മപ്പെടുത്തലുകൾ

പെന്തിക്കോസ്തി കഴിഞ്ഞ് മൂന്നാം ഞായർ

ഭൗതിക ജീവിതാവശ്യങ്ങൾ സാധിക്കുവാനുള്ള പരക്കംപാച്ചിലിൽ നിത്യതയുടെ അപ്പത്തിനുവേണ്ടിയുള്ള വിശപ്പ് മനുഷ്യർ അവഗണിക്കുന്നു. അതൊരു ആത്മീയരോഗമാണ്. ക്രിസ്തുവാണ് ആ രോഗത്തിന്റെ ഔഷധം. കൂദാശാപരമായി ക്രിസ്തുവിനെ ഭക്ഷിക്കുന്നവർ നിത്യതയുടെ ആഹാരം സ്വന്തമാക്കുകയാണെന്ന് ലോകത്തെ പഠിപ്പിക്കുവാൻ പ്രചോദനം ഈ കാലത്ത് ആർജ്ജിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ഓർത്തഡോക്സ് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ്

കേന്ദ്ര റീജിയണൽ കമ്മറ്റി (കുന്നംകുളം, തൃശൂർ & കൊച്ചി ഭദ്രാസനങ്ങൾ)

ജീവകാരുണ്യ സായാഹ്നം

മാന്യരെ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കുന്നംകുളം–തൃശൂർ കൊച്ചി ഭദ്രാസനങ്ങളുടെ യുവജനപ്രസ്ഥാനം കേന്ദ്ര റീജിയണൽ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 2018 ജൂൺ 16–ാം തീയതി ശനിയാഴ്ച വൈകീട്ട് 3.45 ന് എറണാകുളം അയ്യപ്പൻകാവ് ഡോ. ഒ.കെ. മാധവിയമ്മ റോഡിലുള്ള കുന്നംകുളം ചാരിറ്റബിൾ സൊസൈറ്റി ഓഡിറ്റോറിയത്തിൽ വച്ച് നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനോപകരണങ്ങൾ അടങ്ങിയ സ്കൂൾ ബാഗ് – യൂണിഫോം ധനസഹായ വിതരണവും, എറണാകുളം ജനറൽ ആശുപത്രിയിലെ ക്യാൻസർ കെയർ പദ്ധതിയിലേക്കുള്ള ധനസഹായവും നടത്തപ്പെടുന്നതാണ്.

പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റ് റവ. ഫാ. ഫിലിപ്പ് തരകൻ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമേനി നിർവഹിക്കുന്നതാണ്.

കൊച്ചി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ്, ആരാധ്യയായ കൊച്ചിൻ കോർപ്പറേഷൻ മേയർ ശ്രീമതി സൗമിനി ജെയിൻ, ജി.സി.ഡി.എ. ചെയർമാൻ ശ്രീ. സി.എൻ. മോഹനൻ, കൗൺസിലർ ശ്രീ. ദീപക് ജോയ്, യുവജന പ്രസ്ഥാനം കേന്ദ്ര സെക്രട്ടറി റവ. ഫാ. അജി കെ. തോമസ്, കൊച്ചി ഭദ്രാസന സെക്രട്ടറി റവ. ഫാ. സി.എം. രാജു, ഒ.സി.വൈഎം. എറണാകുളം മേഖല പ്രസിഡന്റ് റവ. ഫാ. സൈമൺ ജോസഫ്, യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറർ ജോജി പി. തോമസ്, യുവജന പ്രസ്ഥാനം ഭദ്രാസനതല വൈസ് പ്രസിഡന്റുമാരായ റവ. ഫാ. ഡേവിഡ് തങ്കച്ചൻ, റവ. ഫാ. റിനുമോൻ വർഗ്ഗീസ്, റവ. ഫാ. വർഗ്ഗീസ്, സഭാ മാനേജിംഗ് കമ്മിറ്റിയംഗങ്ങളായ റവ. ഫാ. ഒ.ജെ. ജേക്കബ്ബ്, റവ. ഫാ. ജോസഫ് കാരയ്ക്കാട്ട്, അലക്സാണ്ടർ കെ. ജോൺ, എം.പി. ജോൺ, അഡ്വ. ജോൺസൺ കുര്യൻ, അഡ്വ. റോഷൻ ഡി. അലക്സാണ്ടർ, റോണി വർഗ്ഗീസ്, സി.കെ. സണ്ണി, ഷാജൻ തോപ്പിൽ, കേന്ദ്ര സെക്രട്ടറിമാരായ മത്തായി ടി വർഗ്ഗീസ്, സോഹിൽ വി. സൈമൺ, ഷിജോ കെ. മാത്യു, എന്നിവരും പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതാണ്. പ്രസ്തുത യോഗത്തിലേക്ക് ഏവരെയും ക്ഷണിച്ചുകൊള്ളുന്നു.

എന്ന സ്നേഹത്തോടെ,
എൽജോവ് സി. ചുമ്മാർ, കേന്ദ്ര റീജിയണൽ സെക്രട്ടറി

കാര്യപരിപാടികൾ

സഭ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, യുവജന പ്രസ്ഥാനത്തിന്റെ കേന്ദ്ര ഭദ്രാസനതല ഭാരവാഹികൾ എന്നിവർ പങ്കെടുക്കുന്നു.

വചനത്തിന്റെ ശേഷിപ്പുകൾ

പെന്തിക്കോസ്തിക്ക് ശേഷമുള്ള മൂന്നാം ഞായർ

വി.യോഹ 6:35-46

വേദനാദം-23



ഫാ.മാത്യു വർഗീസ് കുളങ്ങാട്ടിൽ

വി. അഗസ്തീനോസ് ഈ വേദഭാഗത്തിന് നൽകുന്ന ആമുഖം ശ്രദ്ധേയമാണ്. - "ആരുടെ ഉദരങ്ങളെ അവൻ അപ്പം കൊണ്ട് നിറച്ചുവോ,അവർ തയ്യറാണെങ്കിൽ അവരുടെ മനസ്സുകളെ ബോധനങ്ങൾ കൊണ്ട് നിറയ്ക്കുവാൻ അവൻ വന്നു. അവർ അത് സ്വീകരിക്കുന്നില്ലെങ്കിൽ ശേഷിച്ച കഷണങ്ങൾ പോലെ വചനങ്ങളും എടുക്കപ്പെടും". അഞ്ചപ്പത്താൽ അയ്യായിരങ്ങളെ പോഷിപ്പിച്ചതിന് ശേഷമുള്ള ഒരു സംഭവമാണിത്. കർത്താവ് കഫർന്നഹുമിലായിരിക്കുമ്പോൾ തന്റെ പക്കൽ കൂടിയിരിക്കുന്നവരെ പുറപ്പാട് 16:4-15 ആസ്പദമാക്കി ജൂത റബ്ബിമാരുടെ ശൈലിയിൽ പഠിപ്പിക്കുകയാണ്.

1)വാഗ്ദത്ത ദേശം വരെ അനുഗമിക്കുന്ന ജീവന്റെ അപ്പം.

പുറപ്പാട് പുസ്തകത്തിൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന അപ്പമായ മന്ന ജീവന്റെ അപ്പമായ കർത്താവിനെ സൂചിപ്പിക്കുകയായിരുന്നു. പഴയ നിയമകാലത്തെ ഹൃദ്യമായി പ്രതിപാദിച്ച് ശ്ലീഹാ പറയുന്നു- നമ്മുടെ പിതാക്കന്മാർ മേഘത്തിൽ ആയിരുന്നുവെന്നും...എല്ലാവരും ഒരേ ആത്മീയ പാനീയം കുടിച്ചുവെന്നുമുള്ള (1 കൊരി 10:1,2) പരമർശം പ്രത്യേകം നാം ശ്രദ്ധിക്കണം. ഇവിടെ സൂചിപ്പിക്കുന്ന പിതാക്കന്മാരും നമ്മളും ഒരേ പോലെയാണ്. അവർ എങ്ങിനെ ഒരേ ആത്മീയ പാനീയം കുടിച്ചുവെന്ന് കൊരിന്ത്യലേഖനം വ്യക്തമാക്കുന്നു. തങ്ങളെ അനുഗമിച്ച ആത്മീയ ശിലയിൽ നിന്നാണ് അവർ പാനം ചെയ്തത്. ആ പാറ ക്രിസ്തുവായിരുന്നുവെന്നും((1 കൊരി 10:5) പിന്നീട് നമ്മൾ വായിക്കുന്നുണ്ടുല്ലോ. ഞാൻ ജീവന്റെ അപ്പം ആകുന്നു. എന്റെ അടുക്കൽ വരുന്നവന് ഒരുനാളും വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കുകയുമില്ല എന്ന് അവൻ പറയുന്നതിന്റെ പശ്ചാത്തലം ഇതാണ്.

ജീവങ്കൽ നിന്ന് കുടിച്ചവർ മരിച്ചത് പ്രത്യേകം നാം ശ്രദ്ധിക്കേണ്ടതാണ്. പിതാക്കന്മാർ മന്ന ഭക്ഷിച്ചു. എന്നാൽ അവർ മരിച്ചു. അതുപോലെയല്ല സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം. ഇത് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.(വ.33,36) ആ പിതാക്കന്മാർ മരിച്ചു എന്നതിലൂടെ യേശു തമ്പുരാൻ അർത്ഥമാക്കുന്നത് അവർ എന്നേക്കും ജീവിക്കുന്നില്ല എന്ന് തന്നെയാണ്. മശിഹായെ അനുഭവിച്ച് ഉൾക്കൊള്ളുന്നവർ തന്നെ ശാരീരികമായി മരിക്കും: എന്നാൽ അവർ എന്നേക്കും ജീവിക്കും. മശിഹാ നിത്യജീവനാണ്. മന്നാ ഭക്ഷിച്ചവർക്ക് ദൈനം ദിന ജീവിതത്തിനപ്പുറമുള്ള പ്രത്യാശയൊന്നും ലഭിച്ചിരുന്നില്ല. വനത്തിൽ വെച്ച് പിതാക്കന്മാർക്ക് ലഭിച്ച അപ്പം വാഗദത്ത ദേശത്തേക്ക് അനുഗമിക്കാത്ത അപ്പമായിരുന്നുവെന്ന് അർത്ഥം. എന്നാൽ മശിഹാ നമ്മുടെ വാഗ്ദത്തദേശം വരെ നമ്മെ അനുഗമിക്കുന്ന ജീവന്റെ അപ്പമാണ് എന്ന് തിരിച്ചറിയുക.

2)മഹത്വത്തിന്റെ മർമ്മങ്ങൾ

സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പമാണ് യേശുതമ്പുരാൻ. അപ്പമെങ്ങിനെ മഹത്വമുള്ളതായി തീർന്നുവെന്ന് യേശുവിലൂടെ നമുക്ക് മനസ്സിലാക്കാം.കർത്താവ് കൈകളിലെടുത്ത കാസായിലെ വീഞ്ഞും പിലാസായിലെ അപ്പവും യഥാക്രമം മാംസവും രക്തവുമായി.. ഒരാൾ ഭക്ഷിക്കുന്നത് തന്നെ രക്തവും മാംസവുമായി തീരുന്നു. ആയതിനാൽ മശിഹാ അപ്പത്തിലൂടെയും വീഞ്ഞിലൂടെയും തന്നേ തന്നെ പിതാവിന് സമർപ്പിച്ചു.

അപ്പത്തിൽ ഒരു ബലിയനുഭവം ദൃശ്യമാണ്. വിത്താകുവാനും വളരുവാനും സാധ്യതകൾ ഉള്ള കതിരുകളെ നാം ആഹാരത്തിനായി എടുക്കുന്നു. ഇത് ഒരു ധാന്യത്തിന്റെ ബലിയനുഭവമാണ്. ലോകത്തിന്റെ ജീവന് വേണ്ടി കൊടുക്കുന്ന എന്റെ ശരീരം എന്ന കർത്താവിന്റെ വാക്കുകളിലും ഈ ബലിയനുഭവമുണ്ട്. ഒരാൾ സന്ന്യാസത്തിലേക്കോ,കുടുംബജീവിതത്തിലേക്കോ പ്രവേശിക്കുമ്പോൾ

സംഭവിക്കുന്നതും ഒരു ബലിയനുഭവമാണ്. ഞാൻ എന്ന അഹംഭാവത്തിനറുതി വരുന്ന അനുഭവമാണ് കുടംബജീവിതം.ജീവിതം ഒരപ്പമെന്നപോലെ പങ്കിടുവാൻ വിളിക്കപ്പെടുന്ന അനുഭവമാണ് ദാമ്പത്യം. അപ്പവും ആനന്ദവും പാരസ്പര്യമുള്ള ഒന്നാണ്. ക്രിസ്തു വിഭജിച്ച് നൽകുന്നത്, ഒരപ്പം മാത്രമല്ല, ആനന്ദം കൂടിയാണ്. അപ്പത്തിന്റെ അഭാവമായ ദാരിദ്ര്യവും, ആനന്ദത്തിന്റെ അഭാവമായ സംഘർഷവും ആണ് ഇന്ന് ലോകസമുഹങ്ങളുടെ പ്രധാനപ്രശ്നം.

മരുഭൂമിയിലെ പിതാക്കന്മാരുടെ ജീവിതത്തിലെ ഒരു ഏട് ഇതിനോട് ചേർത്ത് വായിക്കുക-ന്നില്ലേ?എന്ന് ചോദിച്ചു. അദ്ദേഹം മറുപടിയായി നീ ഒരു ആദ്ധ്യാത്മീക മനുഷ്യനാണ് നിനക്ക് ഭക്ഷണം ആവശ്യമില്ല. ആ സഹോദരന് തന്റെ തെറ്റ് മനസ്സിലായി. സിൽവാനോസ് ഇപ്രകാരം പറഞ്ഞു- മറിയത്തിനും ഒഴിച്ച് കൂടാൻ പാടില്ലാത്തവിധം മാർത്തായെക്കൊണ്ട് ആവശ്യമുണ്ട്; വാസ്തവത്തിൽ മാർത്ത മൂലമാണ് മറിയം പ്രശംസിക്കപ്പെട്ടത്

നമുക്ക് വേണ്ടി അധ്വാനിക്കുന്നവരോട് മനസ്സ് കൃതഞ്ജത നിർഭരമാകണം. ആത്മീയത മുറിക്കുള്ളിലെ ധ്യാനം മാത്രമല്ല; മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്കായി നിലകൊള്ളുക കൂടിയാണ്. അത്തരം വ്യക്തികൾ നിത്യതയുടെ നക്ഷത്രങ്ങളാണ്. മഹാത്മഗാന്ധിയും,മദർതെരേസായുമൊക്കെ ചില അടിസ്ഥാന നന്മകൾക്കായി നിലകൊണ്ടവരാണ്. മനുഷ്യജീവിതത്തിലെ നന്മയുടെ പക്ഷമാണ് ദൈവത്തിന്റെ പക്ഷം. അതിനുവേണ്ടി മാത്രം അവിടുന്ന് വർഗ്ഗസമരത്തിന്റെ ഇടതാവളത്തിൽ മനുഷ്യാവതാരമെന്ന മഹാബലിയായി തീർന്നു.

3) **പിറുപിറുപ്പുകളില്ലാതായ നിമിഷം**

"ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉലള്ളിലാക്കി, അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്ക് ദൈവമായും അവർ എനിക്ക് ജനമായും ഇരിക്കും...ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിയുക എന്ന് ഉപദേശിക്കുകയില്ല"(യിരമ്യ 31: 33) ഈ പ്രവാചക വചനങ്ങളെ ഓർമ്മിപ്പിച്ചാണ് എല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും എന്ന് കർത്താവ് പറഞ്ഞത്. ഗുരുക്കന്മാർ മൗനം കൊണ്ട് സംശയനിഗ്രഹം നടത്തുന്ന പതിവ് ഭാരതത്തിലുണ്ടായിരുന്നു.സംശയങ്ങളുടെ പിറുപിറുപ്പിനെ അകറ്റുന്ന രീതി യേശുവിൽ നാം കാണുന്നു. തിബര്യോസ് തീരത്തും, എമ്മാവൂസ് യാത്രക്കൊടുവിലും അപ്പം നുറുക്കി നൽകുമ്പോൾ സംഭവിച്ചത് അതാണ്.

പരിസ്ഥിതി ദിനാഘോഷം



കുന്നംകുളം: ഭദ്രാസന എക്കോ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ പരിപാടിയുടെ ഉദ്ഘാടനം ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും എക്കോ കമ്മീഷൻ പ്രസിഡന്റുമായ ബസ്സേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ഫാ.ഗീവർഗ്ഗീസ് വർഗ്ഗീസ് പരിസ്ഥിതി കമ്മീഷൻ സെക്രട്ടറി എഡ്വിസക്കറിയ ഫാ.ടി.പി.ഗീവർഗ്ഗീസ് എന്നിവർ നേതൃത്വം നൽകി. പരിസ്ഥിതി മാസാചരണത്തിന്റെ ഭാഗമായി എല്ലാപള്ളി പരിസരത്തും ജനങ്ങളുടെ സ്ഥലങ്ങളിലും വൃക്ഷത്തൈ നടുന്നതിന് പരിശുദ്ധ ബാവ ആഹ്വാനം ചെയ്തു.

കോടതി വിധി നടപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്

-മുഖ്യമന്ത്രി-

തിരുവനന്തപുരം: സഭാ തർക്കത്തിൽ സുപ്രീം കോടതിയുടെ ഉത്തരവ് പിറവം പള്ളിക്കും ബാധകമാണ്. കോടതിവിധി നടപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. യാക്കോബായ, ഓർത്തഡോക്സ് സഭകൾ തമ്മിലുള്ള തർക്കം ചർച്ചയിലൂടെ പരിഹരിക്കണമെന്നാണ് സർക്കാരിന്റെ ആഗ്രഹമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. രണ്ട് സഭകളുടെയും മേധാവികൾ സർക്കാരിനെ സമീപിച്ചിരുന്നു. തങ്ങൾ സംഘർഷം ആഗ്രഹിക്കുന്നില്ലെന്നാണ് അവരുടെ നിലപാട്. കോടതി വിധിക്കു പിന്നാലെ പിറവത്ത് ഇരുവിഭാഗങ്ങൾ ഏറ്റുമുട്ടിയതിന് രണ്ട് കേസെടുത്തിട്ടുണ്ടെന്നും അനൂപ് ജേക്കബിന്റെ സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി...

ഓസ്ട്രേലിയ റീജിയൻ വൈദിക സമ്മേളനം അഡലൈഡിൽ

ഓസ്ട്രേലിയ: മലങ്കര ഓർത്തഡോക്സ് സഭയുടെ മദ്രാസ് ഭദ്രാസനത്തിനു കീഴിലുള്ള ഓസ്ട്രേലിയ റീജിയനിലെ വൈദികരുടെ ഏക ദിന സമ്മേളനം ജൂൺ 15-ാം തീയതി വെള്ളിയാഴ്ച അഡലൈഡ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ വച്ച് നടത്തപ്പെടും. രാവിലെ 11 മണിക്ക് ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് തിരുമേനിയെയും വന്ദ്യ വൈദികരേയും ഇടവക വികാരി ഫാ. അനിഷ് കെ. സാമിന്റെ നേതൃത്വത്തിൽ ദേവാലയത്തിലേക്ക് സ്വീകരിക്കും. പ്രാർത്ഥനയോടെ ആരംഭിക്കുന്ന സമ്മേളനത്തിൽ അഭിവന്ദ്യ തിരുമേനി അധ്യക്ഷത വഹിക്കും. മെൽബൺ സെന്റ് മേരീസ് കത്തീഡ്രൽ അസിസ്റ്റന്റ് വികാരി ഫാ. സജു ഉണ്ണൂണ്ണി ധ്യാനപ്രസംഗം നിർവ്വഹിക്കും. തുടർന്ന് റീജിയൻ-ഭദ്രാസനതല പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടക്കും. വൈദിക സമ്മേളനത്തോട് അനുബന്ധിച്ച് ഉച്ചകഴിഞ്ഞ് 2 മണിക്ക് ഓസ്ട്രേലിയയിലെ എല്ലാ ദേവാലയങ്ങളിൽ നിന്നുമുള്ള ഭദ്രാസന പ്രതിനിധികളുടേയും ഓസ്ട്രേലിയൻ കമ്മ്യൂണിറ്റി സെന്റർ പ്രതിനിധികളുടേയും യോഗം ദേവാലയത്തിൽ വച്ച് നടത്തപ്പെടും.



ഐ.ഐ.ടി. യിൽനിന്ന് ഒന്നാം റാങ്ക് കരസ്ഥമാക്കി



ഐ.ഐ.ടി. ഗുവഹത്തിയിൽ നിന്നും എം.എ. ഡവലപ്മെന്റ് സ്റ്റഡീസിൽ ഒന്നാം റാങ്ക് നേടിയ എം. തോമസ് കുറിയാക്കോസിന് അഭിനന്ദനങ്ങൾ. ചരിത്രകാരനും സാമൂഹിക ഗവേഷകനുമായ ഡോ. എം. കുര്യൻ തോമസിന്റെയും പാമ്പാടി എം.ജി.എം. ഹൈസ്കൂൾ അദ്ധ്യാപിക ജയാ ജേക്കബിന്റെയും പുത്രനാണ്. കോട്ടയം വടക്കൻമണ്ണൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

ഡോകടറേറ്റ് നേടി

യുണൈറ്റഡ് നേഷൻസ് അക്കാദമി ഓഫ് യൂണിവേഴ്സൽ ഗ്ലോബൽ പീസിൽനിന്ന് അംബീഷ് ജെയ്ക്കബ് കാരുചിറ സോഷ്യൽ വർക്കിൽ ഡോകടറേറ്റ് നേടി. വേൾഡ് എയ്ഡ് ഓർഗനൈസേഷൻസ് ഫോർ ഹ്യൂമൻ റൈറ്റ്സ് (യു.എൻ) കേരള ചാപ്റ്റർ കമ്യൂണിക്കേഷൻസ് ഡയറക്ടറായ അമ്പീഷ് കോട്ടയം വാകത്താനം കാരുചിറ കുടുബാംഗവും സോഫസ്റ്റ് വെയർ എഞ്ചിനിയറുമാണ്.

ഒ.വി.ബി.എസ്. 2018

കുവൈറ്റ്: സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ജൂബിലി വേദ മഹാ വിദ്യാലയത്തിന്റെ അവധിക്കാല വേദപഠന ക്ലാസുകൾക്ക് ജൂൺ 7-ന് വൈകീട്ടി 4 മണിക്ക് നാഷണൽ ഇവാഞ്ചലിക്കൽ ചർച്ചിൽ തുടക്കം കുറിച്ചു.

പ്രത്യേകമായി ക്രമീകരിച്ച ഗായകസംഘത്തിന്റെ പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച ചടങ്ങിൽ സണ്ടേസ്കൂൾ ഹെഡ്ബോയ് അയിൻ തോമസ് അജി, എം.ജി.ഒ.സി.എസ്. എം. സെക്രട്ടറി റെയ്ന എത്സ ബിജു എന്നിവർ ചേർന്ന് പതാകയുയർത്തി.

സെന്റ് ഗ്രീഗോറിയോസ് മഹാ ഇടവക വികാരി ഫാ. ജേക്കബ് തോമസ് അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ ഒ.വി.ബി.എസ്. ഡയറക്ടർ ഫാ. മഹേഷ് തങ്കച്ചൻ ഭദ്രദീപം തെളിയിച്ച്

വേദപഠന ക്ലാസുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

ഇടവക ആക്ടിംഗ് സെക്രട്ടറി എബി തോമസ്, മലങ്കര സഭാ മാനേജിംഗ് കമ്മറ്റിയംഗം കോശി മാത്യൂ, സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ കുര്യൻ വർഗ്ഗീസ് സണ്ടേസ്കൂൾ സീനിയർ അഡ്വൈസർ പി.സി. ജോർജ്ജ്, 2018 ഒ.വി.ബി.എസ്. ഡെപ്യൂട്ടി സൂപ്രണ്ട് ഐസക്ക് വർഗ്ഗീസ് 2017 ഒ.വി.ബി.എസ്. സ്റ്റാർ മാസ്റ്റർ ഫെബിൻ ജോൺ ബിജു എന്നിവർ മുഖ്യ അതിഥികളായി ആശംസകൾ അറിയിച്ചു.

ഒ.വി.ബി.എസ്. സൂപ്രണ്ട് അലക്സ് ചാക്കോ സ്വാഗതവും സണ്ടേസ്കൂൾ സെക്രട്ടറി ഷാബു മാത്യു നന്ദിയും അർപ്പിച്ചു. ഈ വർഷത്തെ ഒ.വി.ബി.എസ്. സോങ്ങ് ബുക്കിന്റെ പ്രകാശനം ഇടവക ട്രസ്റ്റി നവീൻ കുര്യനിൽ നിന്നും ഏറ്റുവാങ്ങി സണ്ടേസ്കൂൾ സെക്രട്ടറി ഷാബു മാത്യുവിനു നൽകികൊണ്ട് മഹാഇടവക വികാരി ഫാ. ജേക്കബ് തോമസ് നിർവ്വഹിച്ചു.

ഓഡിയോ സിഡിയുടെ പ്രകാശനം സണ്ടേസ്കൂൾ ട്രഷറാർ ഫിലിപ്സ് ജോണിൽ നിന്നും ഏറ്റുവാങ്ങി ഒ.വി.ബി.എസ്. ബാൻഡ് മാസ്റ്റർ ജെസി ജെയ്സണു നൽകി കൊണ്ട് ഇടവക സഹവികാരി ഫാ. ജിജു ജോർജ്ജ് നിർവ്വഹിച്ചു.

“ദൈവം നമ്മെ മനയുന്നു” എന്ന ചിന്താവിഷയത്തിന്റെ അടിസ്ഥാനത്തിൽ, എഴുന്നൂറോളം കുട്ടികളെ ഉൾക്കൊള്ളിച്ചു കൊണ്ട് ജൂൺ 7 മുതൽ വെള്ളി, ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ വൈകീട്ട് 4.45 മുതൽ 6.45 വരെ എൻ.ഇ.സി.കെ. അങ്കണത്തിൽ ക്രമീകരിച്ചിരിക്കുന്ന ക്ലാസുകൾ ജൂൺ 21ന് സമാപിക്കും. കുട്ടികളുടെ വർണ്ണശബളമായ റാലിയും, കലാപരിപാടികളും പൊതുസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്.

പാമ്പാടിയിൽ ധ്യാനം

പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വച്ച് എല്ലാ മാസവും അവസാന വെള്ളിയാഴ്ച ഉൾപ്പടെ വരുന്ന ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ ക്രമീകരിക്കുന്ന മൂന്ന് ദിവസത്തെ ധ്യാനം ഈ മാസവും ജൂൺ 27, 28, 29 തീയതികളിൽ ക്രമീകരിച്ചിരിക്കുന്നു. ഈ ധ്യാനത്തിൽ പ്രധാനമായും രോഗികൾ, മാനസികപ്രയാസം, കുടുംബപ്രശ്നം എന്നിവ അഭിമുഖീകരിക്കുന്നവർ സംബന്ധിച്ചു പരി. പാമ്പാടി തിരുമേനിയുടെ മധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിക്കുന്നു.

കുടുംബമായി ദയറായിൽ താമസിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

- ഫാ. മാത്യു കെ. ജോൺ, Ph: 9447008431
- ഫാ. കെ.സി. ഫിലിപ്പോസ്, Ph: 9947642285

Three Months Schedules:
June 2018: 27, 28 & 29,
July 2018 - 25, 26 & 27,
August 2018 - 29, 30 & 31
Kindly inform our friends & relatives.
From Pampady Dayara.
[12/06, 7:41 PM] aby Kikozhur:

അറിയിപ്പ്

ബഥനിയുടെ ശതാബ്ദിയോടനുബന്ധിച്ച് നടത്തുന്ന ഗവേഷണ പ്രബന്ധ മത്സരത്തിന്റെ അവസാന തിയ്യതി ജൂൺ 30 വരെ നീട്ടിയിരിക്കുന്നു.



ഹയർ സെക്കണ്ടറി പരീക്ഷയിൽ സയൻസ് വിഭാഗത്തിൽ മുഴുവൻമാർക്കും 1200/1200 നേടിയ രൂബൻ ജോർജ്ജ് മാത്യു കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനത്തിൽ നിന്ന് എം.ജി.ഒ.സി.എസ്.എം തുമ്പമൺ ഭദ്രാസനത്തിന്റെ ഉപഹാരം സ്വീകരിക്കുന്നു.

ഇതൊരു മഹത്തായ സ്ഥലം ആണ്. ഇത് ദൈവത്തിന്റെ ഭവനം ആണ്. ഇത് സ്വർഗ്ഗത്തിന്റെ വാതിൽ ആണ്.

"How awesome is this place! This is none other than the House of God, and this is the gate of Heaven!" Gen 28:17

St. Gregorios Indian Orthodox Church

2B Tolmer Road, Elizabeth Park, Adelaide, Australia 5113

HOLY CONSECRATION

The Vicar, Managing Committee and Members of St. Gregorios Indian Orthodox Church
Cordially invite you to the consecration ceremony of our church on
15th & 16th of June 2018 (Friday & Saturday).

H.G. Dr. Yuhanon Mar Diascoros
(Metropolitan of Madras Diocese, Indian Orthodox Church)
will be the chief celebrant for the occasion

We request your prayerful presence with your
family to bless and grace this occasion

Fr. Anish K. Sam	Mr. Biju Kuriakose	Mr. Joshy P. Andrews
Vicar	Trustee	Secretary
0481321582	0425570671	0450402578

Web: www.sgioc.org
Apps: SGIOC
Email: contact@sgioc.org

Program Schedule

Friday 15th June 2018
5:45 PM-Reception
6:00 PM-Evening Prayer
7:00 PM-Consecration Part 1
9:00 PM-Dinner

Saturday 16th June 2018
07:00 AM- Morning Prayer
07:30 AM- Consecration Part 2
10:00 AM- Divine Liturgy
11:30 AM- Public Meeting
12:30 PM - Lunch

(തുടർച്ച)

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ 1976 – 1983

സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ
(Codified and edited)

1980 ഫെബ്രുവരി സുന്നഹദോസ്

കമ്മറ്റിയുടെ ശുപാർശകൾ

1) A joint declaration between the Pope and the Catholicos of the Malankara Orthodox Syrian Church be signed as proposed by the Cardinal and that such a decision by the Synod be communicated to the Pope and to Cardinal Koing.

2) To set up a joint commission as proposed by the Cardinal of all the Oriental Orthodox Churches and the Roman Catholic Church composed of Bishops. Theologians, and Canonists to follow up the work already done, and to convene joint assemblies of both Churches locally. ie. one world-wide joint commission and one local Orthodox-Roman Catholic Commissions.

3) Regarding the tbrid proposal of Cardinal Koing about. Anathemata now propsed by the two Churches on Leo, Flavian, Severus, Diascoros and Philoxenos, the recommendation of the committeee was that there be no formal action on the matter of Anathemata, but that all Churches should drop all Anathemata, on the aforesaid five perons, though the Churches would be free to condemn any teaching that they regard as unorthodox, without mentioning any of the five names.

4) Committee സമർപ്പിച്ച റിപ്പോർട്ടിലെ Anathemata സംബന്ധിച്ചുള്ള ശുപാർശകൾ പ. സുന്നഹദോസ് അംഗീകരിച്ചുകൊണ്ട് താഴെപ്പറയുന്ന പ്രകാരം തീരുമാനം ചെയ്തു.

Resolved that the Holy Synod accepts in principle the possibility of a joint decision by all the Churches concerned that Anathemata now pronounced by them against one or more of the Roman Catholic. Byzentine Orthodox or Oriental Orthodox be dropped rataining

howerver the freedom of the Churches to condemn any teaching which they regard as heretical, without mentioning any particular Father or Fathers, of one or more Churches like Leo, Flavian, severus, Diascoros, Philoxenos etc.

5) ഓറിയന്റൽ ഓർത്തഡോക്സ് സഭകളും റോമൻ കത്തോലിക്കാ സഭയും തമ്മിൽ ഒരു സംയുക്ത കമ്മീഷൻ ഉണ്ടാക്കണമെന്നുള്ള കർദ്ദിനാൾ Koing-ന്റെ നിർദ്ദേശത്തെ സ്വീകരിച്ചുകൊണ്ട് പ്രസ്തുത കമ്മീഷനിലേക്ക് താഴെപ്പറയുന്ന മൂന്നുപേരെ പ. സുന്നഹദോസ് നിയമിച്ചു.

1. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ
2. റവ. ഡോക്ടർ വി.സി. ശമുവേൽ
3. റവ. ഡോക്ടർ കെ.എം. ജോർജ്ജ്

6) വിയന്നായിൽവെച്ചു നടന്ന അനൗദ്യോഗിക സംഭാഷണങ്ങളുടെ റിപ്പോർട്ടുകളെ ആസ്പദമാക്കി വേണ്ടുന്ന പഠനം നടത്തി ശുപാർശകൾ ചെയ്യുന്നതിനു ഭാരതത്തിലെ (റോമൻ) കത്തോലിക്കാ ബിഷോഫ്സ് കോൺഫറൻസിന്റെ പ്രതിനിധികളും അടങ്ങുന്ന ഒരു ഇന്ത്യൻ സംയുക്ത കമ്മീഷനെ നിയമിക്കണമെന്നുള്ള കമ്മറ്റിയുടെ ശുപാർശ പ. സുന്നഹദോസ് അംഗീകരിക്കുകയും അക്കാര്യത്തെക്കുറിച്ചു (റോമൻ) കത്തോലിക്കാ ബിഷോപ്സ് കോൺഫറൻസുമായി എഴുത്തുകൾ നടത്തുന്നതിനു Inter-Church Relations Committee സെക്രട്ടറി പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഇന്ത്യൻ സംയുക്ത കമ്മീഷനിലേക്ക് മലങ്കര ഓർത്തഡോക്സ് സഭയിൽനിന്നും താഴെപ്പറയുന്നവരെ ഒരു പാനലായി പു. സുന്നഹദോസ് നിശ്ചയിച്ചു.

1. H.G. Daniel Mar Philoxenos, Metropolitan
2. H.G. Matews Mar Coorilo, Metropolitan
3. H.G. Philipos Mar Theophilos, Metropolitan
4. H.G. Geevarghees Mar Osthatheos, Metropolitan
5. H.G. Paulose Mar Gregorios, Metropolitan
6. H.G. Joseph Mar Pachomios, Metropolitan
7. H.G. Geevargheese Mar Diascoros, Episcopa
8. Rev. Fr. V.C. Samuel
9. Rev. Fr. T.J. Joshua
10. Rev. Fr. K.J. Jonah
11. Rev. Fr. Joseph Vendrapally
12. Rev. Fr. Mathai Nooranal
13. Rev. Dr. K.M. George

ഇവരിൽനിന്നും അപ്പഴപ്പോൾ മീറ്റിംഗുകൾക്ക് ആവശ്യമുള്ളത്ര പ്രതിനിധികളെ അയയ്ക്കുന്നതിനു കൺവീനറായ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി.

7. കമ്മറ്റിയുടെ റിപ്പോർട്ടിലെ മേല്പറഞ്ഞ വിയന്നാ സംഭാഷണങ്ങൾ സംബന്ധിച്ച വിഷയങ്ങളൊഴിച്ചുള്ള മറ്റു വിഷയങ്ങൾ സംബന്ധിച്ച് പ. സുന്നഹദോസിന്റെ നിശ്ചയങ്ങൾ താഴെ ചേർക്കുന്നു.

1. The Committee recommended to invite the following Church dignitaries from other Churched in accordance with their conveniences and opportunities for their reception here.

i) His Holiness Patriarch Shenoode, Pope and Patriarch of the Coptic Church of Egypt.

ii)His Beatitude Patriarch Ignatius Hazim, Greek (Melkite)Patriarch of Antioch.

iii)His Excellency Archbishop romon Torella, Vice President of the Secretariat for Unity.

iv) His Holiness Patriarch Justin of the Romanian Orthodox Church.

v) His Grace Dr. Rober Runcia, Archbishop of Canterbury (elect) of the Church of England

UPCOMING EVENTS

ദേവാലയ കൂദാശ

- അഡലൈഡ് സെന്റ് ഗ്രീഗോറിയോസ് പള്ളി (ഓസ്ട്രേലിയ)
ജൂൺ 15, 16

പെരുന്നാൾ

- കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി ജൂലൈ 1 - 12